"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - മാലിന്യ സംഭരണ കേന്ദ്രങ്ങൾ (എം.സി.എഫ്., ആർ.ആർ.എഫ്.), ലെഗസി ഡംപ് സൈറ്റുകൾ എന്നിവിടങ്ങളിൽ തീപിടുത്ത സാഹചര്യം ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട സുരക്ഷാ മുൻകരുതലുകളും സുരക്ഷാ സജ്ജീകരണങ്ങളും - കർശന നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യൂ.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.271/2025/LSGD തീയതി,തിരുവനന്തപുരം, 29-01-2025

---

പരാമർശം:- (1) സ.ഉ.(സാധാ)നം.113/2021/LSGD തീയതി 16.01.2021.

(2) സർക്കുലർ നമ്പർ.4/ഡി.സി.1/2021/തസ്വഭവ , തിയതി,11.10.2021

(3) സർക്കുലർ നമ്പർ. ഡബ്ല്യൂ.എം.1/40/2022/തസ്വഭവ തിയതി, 02.02.2022

(4) സ.ഉ.(സാധാ)നം.617/2023/LSGD തീയതി 15.03.2023.

(5) സർക്കുലർ നമ്പർ. ഡബ്ല്യൂ.എം.1/40/2022/തസ്വഭവ തിയതി, 20.02.2024

(6) സ.ഉ.(സാധാ)നം.442/2024/LSGD തീയതി 24.02.2024.

**<u>ഉത്തരവ്</u>**

മാലിന്യ സംഭരണ കേന്ദ്രങ്ങളിലും (MCF, RRF) ലെഗസി ഡംപ് സൈറ്റുകളിലും തീപിടുത്ത സാഹചര്യം ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട സുരക്ഷാ മുൻകരുതലുകളും സുരക്ഷാ സജ്ജീകരണങ്ങളും സംബന്ധിച്ച് പരാമർശം 1 മുതൽ 6 വരെയുള്ള ഉത്തരവുകളും സർക്കുലറുകളും പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു.

(2) നിലവിൽ അന്തരീക്ഷ താപനില ഉയരുന്ന സാഹചര്യത്തിൽ മാലിന്യ സംഭരണ കേന്ദ്രങ്ങളിലും ഡംപ് സൈറ്റുകളിലും അഗ്നിബാധയുണ്ടാകുന്നത് തടയുന്നതിന് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്ന് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) ഉത്തരവിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള checklist-ൽ സൂചിപ്പിച്ചിട്ടുള്ള സംവിധാനങ്ങൾ / നടപടികൾ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തങ്ങളുടെ പരിധിയിലുള്ള മാലിന്യ സംഭരണ കേന്ദ്രങ്ങളിലും (MCF, RRF), ലെഗസി ഡംപ് സൈറ്റുകളിലും ഏർപ്പെടുത്തേണ്ടതാണ്/ പൂർത്തിയാക്കേണ്ടതാണ്. **<u>2025 ഫെബ്രുവരി 5-നകം</u>** ടി checklist പൂരിപ്പിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

(ii) മാലിന്യ സംഭരണ കേന്ദ്രങ്ങളിലും (MCF, RRF), ലെഗസി ഡംപ് സൈറ്റുകളിലും തീപിടുത്ത സാഹചര്യം ഒഴിവാക്കുന്നതിന് സുരക്ഷാ മുൻകരുതലുകൾ സ്വീകരിക്കുന്നതിന്റേയും സുരക്ഷാ സജ്ജീകരണങ്ങൾ ഒരുക്കുന്നതിന്റേയും പൂർണ്ണ ഉത്തരവാദിത്തം തദ്ദേശസ്വയംഭരണ സ്ഥാപന മേധാവി, ഹെൽത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, സെക്രട്ടറി എന്നിവർക്കായിരിക്കും.

(iii) മാലിന്യ സംഭരണ കേന്ദ്രങ്ങളും (MCF, RRF), ലെഗസി ഡംപ് സൈറ്റുകളും സന്ദർശിച്ച് അഗ്നിസുരക്ഷാ വിലയിരുത്തൽ നടത്തുന്നതിനായി ചുവടെ ചേർക്കുന്ന ഘടനയിൽ ഒരു ഫയർ

ഓഡിറ്റ് ടീമിനെ അതാത് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി രൂപീകരിക്കേണ്ടതാണ്.

(a) കൗൺസിലർ / വാർഡ് മെമ്പർ

(b) ഹെൽത്ത് ഇൻസ്പെക്ടർ / ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ

(c) തദ്ദേശ സ്വയംഭരണ സ്ഥാപന എഞ്ചിനീയറിംഗ് വിംഗ് പ്രതിനിധി

(d) ഫയർ & റസ്ക്യൂ വകുപ്പ് പ്രതിനിധി.

(e) റെസിഡന്റ്സ് അസോസിയേഷൻ പ്രതിനിധി.

(iv) ടി ഫയർ ഓഡിറ്റ് ടീം **2025 ഫെബ്രുവരി 10-നകം** പ്രസ്തുത സ്ഥലങ്ങൾ സന്ദർശിക്കേണ്ടതും സുരക്ഷാ സജ്ജീകരണങ്ങളുടെ ഗ്യാപ് അസ്സെസ്മെന്റ് നടത്തേണ്ടതുമാണ്.

(v) കണ്ടെത്തുന്ന പോരായ്മകൾ **ഫെബ്രുവരി** 20-നകം തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനം പരിഹരിക്കേണ്ടതും checklist അപ്ഡേറ്റ് ചെയ്തു സമർപ്പിക്കേണ്ടതുമാണ്.

(vi) മേൽ നിർദ്ദേശപ്രകാരമുള്ള പ്രവർത്തനങ്ങളുടെ അവലോകനം ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ **2025 ഫെബ്രുവരി 25-നകം** നടത്തേണ്ടതാണ്.

(vii) 2025 ഫെബ്രുവരി 25-ന് ശേഷം ഓരോ രണ്ടാഴ്ച കൂടുമ്പോഴും പ്രിൻസിപ്പൽ ഡയറക്ടറുടെ നേതൃത്വത്തിൽ സുരക്ഷാ സജ്ജീകരണങ്ങൾ സംബന്ധിച്ച അവലോകനയോഗം ചേരേണ്ടതും, സർക്കാരിനും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്കും റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനുപമ ടി വി

സ്പെഷ്യൽ സെക്രട്ടറി

കോഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി-2.

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്.

എല്ലാ ജില്ലാ കളക്ടർമാർക്കും.

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി.

ഡയറക്ടർ ജനറൽ, കേരള ഫയർ & റെസ്ക്യൂ സർവീസസ്.

പ്രോജക്ട് ഡയറക്ടർ, കെ.എസ്.ഡബ്ല്യു.എം.പി.

ഡയറക്ടർ, തദ്ദേശസ്വയംഭരണ (അർബൻ) വകുപ്പ്.

ഡയറക്ടർ, തദ്ദേശസ്വയംഭരണ (റൂറൽ) വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ.

മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്.

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും

(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

ഡയറക്ടർ, ഐ&പി.ആർ. (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Manish V V

Date: 20-01-2025 11:31:51

സെക്ഷൻ ഓഫീസർ

പകർപ്പ് :-തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്

തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്

1. ഡംപ് സൈറ്റ് അഗ്നിസുരക്ഷാ ചെക്ക് ലിസ്റ്റ്

| അഗ്നിസുരക്ഷാ സംവിധാനങ്ങൾ/സൗകര്യങ്ങൾ/നടപടികൾ | ഉണ്ട് | ഇല്ല |
|---|---|---|
| 1. CCTV സംവിധാനം | | |
| a. ഡംപ് സൈറ്റ് പ്രദേശം പൂർണമായി ലഭിക്കുന്ന രീതിയിൽ CCTV സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ? | ☐ | ☐ |
| b. നൈറ്റ് വിഷൻ ക്യാമറ | ☐ | ☐ |
| c. 30 ദിവസം ഇടർച്ചയായി റെക്കാർഡ് ചെയ്ത് സൂക്ഷിക്കുന്നതിനുള്ള സൗകര്യം | ☐ | ☐ |
| 2. ഫയർ എക്സ്റ്റിൻഗ്യൂഷർ | | |
| a. 10 ൽ കുറയാത്ത അല്ലെങ്കിൽ ഫയർഫോഴ്സ് അധികൃതർ നിർദ്ദേശിച്ച പ്രകാരമുള്ള ഫയർ എക്സ്റ്റിൻഗ്യൂഷർ അടിയന്തര സാഹചര്യം നേരിടുന്നതിന് ലഭ്യമാണോ? | ☐ | ☐ |
| b. ജീവനക്കാർക്ക് ഫയർ എക്സ്റ്റിൻഗ്യൂഷർ ഉപയോഗിക്കുന്നതിന് പരിശീലനം നൽകിയിട്ടുണ്ടോ? | ☐ | ☐ |
| 3. 24 മണിക്കൂർ വെള്ളം നിറച്ച വാട്ടർ ടാങ്കർ സേവനം ഉറപ്പുവരുത്തിയിട്ടുണ്ടോ? | ☐ | ☐ |
| 4. വൈദ്യുതി ലഭ്യത | ☐ | ☐ |
| 5. ഇലക്ട്രിക്ക് ജനറേറ്റർ ലഭ്യത | ☐ | ☐ |
| 6. രാത്രി കാലങ്ങളിൽ വെളിച്ചം | ☐ | ☐ |
| 7. അപകട സാഹചര്യങ്ങളിൽ ഡംപ് സൈറ്റിന് അകത്തേക്ക് അഗ്നിശമന വാഹനം എത്തിച്ചേരുന്നതിനു ആവശ്യമായ വഴി (അക്സസ്സ്) | ☐ | ☐ |

| | | |
|---|---|---|
| 8. ജീവനക്കാർക്ക് ആവശ്യമായ ജീവൻ സുരക്ഷാ ഉപകരണങ്ങൾ & ഫസ്റ്റ് എയ്ഡ് ഉറപ്പാക്കിയിട്ടുണ്ടോ? | | |
| A. ജീവൻ സുരക്ഷാ ഉപകരണങ്ങൾ<br>a. മാസ്ക് / ഓക്സിജൻ മാസ്ക് | ☐ | ☐ |
| b. ഗംബൂട്ട് | ☐ | ☐ |
| c. ഗ്ലൗസ് | ☐ | ☐ |
| d. സേഫ്റ്റി ഹെൽമെറ്റ് | ☐ | ☐ |
| e. സേഫ്റ്റി ബോഡി ക്ലോത്തിംഗ് | ☐ | ☐ |
| B.ഫസ്റ്റ് എയ്ഡ് കിറ്റ് | ☐ | ☐ |
| 9. അഗ്നിബാധ ഉണ്ടാകുന്ന സാഹചര്യത്തിൽ ആയത് നിയന്ത്രിക്കുന്നതിന് ചുവടെ പറയുന്നവയുടെ ലഭ്യത ഉറപ്പാക്കുന്നതിന് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ ? | | |
| a. സമീപമുള്ള ജലസ്രോതസ്സുകൾ | ☐ | ☐ |
| b. മണ്ണ് ലഭ്യമാക്കുന്നതിനുള്ള സ്രോതസ്സ് | ☐ | ☐ |
| c. ജെസിബി, ടിപ്പർ | ☐ | ☐ |
| d. വാട്ടർ ടാങ്കർ സർവീസ് | ☐ | ☐ |
| 10. ഡംപ് സൈറ്റിൻ്റെ ചുമതലയ്ക്കായി ഒരു ജീവനക്കാരനെ 24 x 7 സമയത്തേയ്ക്ക് നിയോഗിച്ചിട്ടുണ്ടോ? | ☐ | ☐ |
| a. 24 x 7 ഡ്യൂട്ടി ചാർട്ട് തയ്യാറാക്കിയിട്ടുണ്ടോ? | ☐ | ☐ |
| b. 24 x 7 ഡ്യൂട്ടി ചാർട്ട് ലോക്കൽ ബോഡി പ്രസിദ്ധീകരിച്ചിട്ടുണ്ടോ | ☐ | ☐ |

| | | |
|---|---|---|
| 11. ഡംപ് സൈറ്റിൽ എത്തിച്ചേരുന്ന വാഹനങ്ങളുടെയും സന്ദർശകരുടെയും ലോഗ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടോ? | ☐ | ☐ |
| 12. അടിയന്തിര സാഹചര്യങ്ങൾ നേരിടുന്നതിന് താഴെ പറയുന്ന വിഭാഗങ്ങളുടെ ഫോൺ നമ്പറുകൾ ശേഖരിച്ച് ഡംപ്സൈറ്റിനു സമീപമുള്ള വീടുകൾ/ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ലഭ്യമാക്കിയിട്ടുണ്ടോ ? | ☐ | ☐ |
| 13. അടിയന്തിര സാഹചര്യങ്ങൾ നേരിടുന്നതിന് താഴെ പറയുന്ന വിഭാഗങ്ങളുടെ ഫോൺ നമ്പറുകൾ ശേഖരിച്ച് ഡംപ്സൈറ്റിനു സമീപം ബോർഡ് സ്ഥാപിച്ചിട്ടുണ്ടോ? | ☐ | ☐ |
| 14. അടിയന്തിര സാഹചര്യങ്ങൾ നേരിടുന്നതിന് താഴെ പറയുന്ന വിഭാഗങ്ങളുടെ ഫോൺ നമ്പറുകൾ ശേഖരിച്ച് തദ്ദേശസ്ഥാപനത്തിൻ്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടോ? | ☐ | ☐ |
| a. ജില്ലാ കളക്ടറേറ്റ്/ ജില്ലാ ദുരന്തനിവാരണ അതോറിറ്റി | ☐ | ☐ |
| b. ഫയർഫോഴ്സ് | ☐ | ☐ |
| c. പോലീസ് | ☐ | ☐ |
| d.<br>e. തദ്ദേശ സ്ഥാപന നോഡൽ ഓഫീസർ | ☐ | ☐ |
| f. ജനപ്രതിനിധികൾ | ☐ | ☐ |

| | | |
|---|---|---|
| g. എമർജൻസി റെസ്പോൺസ് ടീം | ☐ | ☐ |
| h. ആംബുലൻസ് | ☐ | ☐ |
| i. ആശുപത്രി | ☐ | ☐ |
| 15. അന്ഗിബാധ കണ്ടെത്തുന്നതിനും അടിയന്തിര സാഹചര്യം നേരിടുന്നതിനും തൊഴിലാളികൾക്ക് പരിശീലനം നൽകിയിട്ടുണ്ടോ ? | ☐ | ☐ |
| 16. എമർജൻസി റെൻസ്പോൺസ് ടീം രൂപീകരിച്ചിട്ടുണ്ടോ? | ☐ | ☐ |
| 17. പോലീസ് നിരീക്ഷണം ഏർപ്പെടുത്തിയിട്ടുണ്ടോ ? | ☐ | ☐ |
| 18. ഡംപ് സൈറ്റ് 'ബീറ്റ്' ചാർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? | ☐ | ☐ |
| 19. മാലിന്യ നിക്ഷേപം നടക്കുന്നില്ല എന്ന് ഉറപ്പാക്കിയിട്ടുണ്ടോ | ☐ | ☐ |

## 2. എം.സി.എഫ്/ ആർ.ആർ.എഫ് അഗ്നി സുരക്ഷാ ചെക്ക് ലിസ്റ്റ്

| അഗ്നിസുരക്ഷാ സംവിധാനങ്ങൾ/സൗകര്യങ്ങൾ/നടപടികൾ | ഉണ്ട് | ഇല്ല |
|---|---|---|
| 1. CCTV സംവിധാനം | | |
| a. എം.സി.എഫ്/ ആർ.ആർ.എഫ് പൂർണമായി ലഭിക്കുന്ന രീതിയിൽ ഏർപ്പെടുത്തിയിട്ടുണ്ടോ? | ☐ | ☐ |
| b. നൈറ്റ് വിഷൻ ക്യാമറ | ☐ | ☐ |
| c. 30 ദിവസം തുടർച്ചയായി റെക്കാർഡ് ചെയ്ത് സൂക്ഷിക്കുന്നതിനുള്ള സൗകര്യം | ☐ | ☐ |
| 2. ഫയർ എക്സ്റ്റിൻഗ്യൂഷർ | | |
| a. ഫയർഫോഴ്സ് അധികൃതർ നിർദ്ദേശിച്ച പ്രകാരമുള്ള ഫയർ എക്സ്റ്റിൻഗ്യൂഷർ അടിയന്തര സാഹചര്യം നേരിടുന്നതിന് ലഭ്യമാണോ? | ☐ | ☐ |
| b. ജീവനക്കാർക്ക് ഫയർ എക്സ്റ്റിൻഗ്യൂഷർ ഉപയോഗിക്കുന്നതിന് പരിശീലനം നൽകിയിട്ടുണ്ടോ? | ☐ | ☐ |
| 3. വെള്ളം നിറച്ച വാട്ടർ ടാങ്കിൻ്റെ ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ടോ? | ☐ | ☐ |
| 4. ഓപ്പൺ വയറിങ്, ഷോർട്ട് സർക്യൂട്ട് ഉണ്ടാകാനുള്ള സാഹചര്യം ഇല്ല എന്ന് ഉറപ്പാക്കിയിട്ടുണ്ടോ ? | ☐ | ☐ |
| 5. വൈദ്യുത ഉപകരണങ്ങളിൽ നിന്നും മറ്റ് അപകട സാധ്യതയുള്ള വസ്തുക്കളിൽ നിന്നും സുരക്ഷിത അകലം പാലിച്ചാണ് പാഴ് വസ്തുക്കൾ സൂക്ഷിക്കുന്നതെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ? | ☐ | ☐ |
| 6. വൈദ്യുതി ലഭ്യത | ☐ | ☐ |

| | | |
|---|---|---|
| 7. ഇലക്ട്രിക്ക് ജനറേറ്റർ ലഭ്യത | ☐ | ☐ |
| 8. രാത്രി കാലങ്ങളിൽ വെളിച്ചം | ☐ | ☐ |
| 9. അപകട സാഹചര്യങ്ങളിൽ എം.സി.എഫ്. / ആർ. ആർ. എഫ് ന് സമീപത്തേയ്ക്ക് അഗ്നിശമന വാഹനം എത്തിച്ചേരുന്നതിനു ആവശ്യമായ വഴി (അക്സസ്സ്) | ☐ | ☐ |
| 10. ജീവനക്കാർക്ക് ആവശ്യമായ ജീവൻ സുരക്ഷാ ഉപകരണങ്ങൾ & ഫസ്റ്റ് എയ്ഡ് ഉറപ്പാക്കിയിട്ടുണ്ടോ? | ☐ | ☐ |
| A ജീവൻ സുരക്ഷാ ഉപകരണങ്ങൾ<br>a. മാസ്ക് / ഓക്സിജൻ മാസ്ക് | ☐ | ☐ |
| b. ഗംബൂട്ട് | ☐ | ☐ |
| c. ഗ്ലൗസ് | ☐ | ☐ |
| d. സേഫ്റ്റി ഹെൽമെറ്റ് | ☐ | ☐ |
| e. സേഫ്റ്റി ബോഡി ക്ലോത്തിംഗ് | ☐ | ☐ |
| B . ഫസ്റ്റ് എയ്ഡ് കിറ്റ് | ☐ | ☐ |
| 11. അഗ്നിബാധ ഉണ്ടാകുന്ന സാഹചര്യത്തിൽ ആയത് നിയന്ത്രിക്കുന്നതിന് ചുവടെ പറയുന്നവയുടെ ലഭ്യത ഉറപ്പാക്കുന്നതിന് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ ? | ☐ | ☐ |
| a. സമീപമുള്ള ജലസ്രോതസ്സുകൾ | ☐ | ☐ |
| b. ജെസിബി, ടിപ്പർ | ☐ | ☐ |
| c. വാട്ടർ ടാങ്കർ സർവീസ് | ☐ | ☐ |
| 12. എം.സി.എഫ്. / ആർ. ആർ. എഫ്. ന്റെ ചുമതലയ്ക്കായി ഒരു ജീവനക്കാരനെ 24 x 7 സമയത്തേയ്ക്ക് നിയോഗിച്ചിട്ടുണ്ടോ? | ☐ | ☐ |

| | | |
|---|---|---|
| a. 24 x 7 ഡ്യൂട്ടി ചാർട്ട് തയ്യാറാക്കിയിട്ടുണ്ടോ? | ☐ | ☐ |
| b. 24 x 7 ഡ്യൂട്ടി ചാർട്ട് ലോക്കൽ ബോഡി പ്രസിദ്ധീകരിച്ചിട്ടുണ്ടോ | ☐ | ☐ |
| 13. എം.സി.എഫ്. / ആർ. ആർ. എഫ്-ൽ എത്തിച്ചേരുന്ന വാഹനങ്ങളുടെയും സന്ദർശകരുടെയും ലോഗ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടോ? | ☐ | ☐ |
| 14. അടിയന്തിര സാഹചര്യങ്ങൾ നേരിടുന്നതിന് താഴെ പറയുന്ന വിഭാഗങ്ങളുടെ ഫോൺ നമ്പറുകൾ ശേഖരിച്ച് എം.സി.എഫ്. / ആർ. ആർ. എഫ് - ന് സമീപമുള്ള വീടുകൾ/ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ലഭ്യമാക്കിയിട്ടുണ്ടോ ? | ☐ | ☐ |
| 15. അടിയന്തിര സാഹചര്യങ്ങൾ നേരിടുന്നതിന് താഴെ പറയുന്ന വിഭാഗങ്ങളുടെ ഫോൺ നമ്പറുകൾ ശേഖരിച്ച് എം.സി.എഫ്. / ആർ. ആർ. എഫ് - ന് സമീപം ബോർഡ് സ്ഥാപിച്ചിട്ടുണ്ടോ? | ☐ | ☐ |
| 16. അടിയന്തിര സാഹചര്യങ്ങൾ നേരിടുന്നതിന് താഴെ പറയുന്ന വിഭാഗങ്ങളുടെ ഫോൺ നമ്പറുകൾ ശേഖരിച്ച് തദ്ദേശസ്ഥാപനത്തിൻ്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടോ? | ☐ | ☐ |
| a. ജില്ലാ കളക്ടറേറ്റ്/ ജില്ലാ ദുരന്തനിവാരണ അതോറിറ്റി | ☐ | ☐ |
| b. ഫയർഫോഴ്സ് | ☐ | ☐ |
| c. പോലീസ് | ☐ | ☐ |
| d. തദ്ദേശ സ്ഥാപന നോഡൽ ഓഫീസർ | ☐ | ☐ |
| e. ജനപ്രതിനിധികൾ | ☐ | ☐ |

| | | |
|---|---|---|
| f. എമർജൻസി റെസ്പോൺസ് ടീം | ☐ | ☐ |
| g. ആംബുലൻസ് | ☐ | ☐ |
| h. ആശുപത്രി | ☐ | ☐ |
| 17. അഗ്നിബാധ കണ്ടെത്തുന്നതിനും അടിയന്തിര സാഹചര്യം നേരിടുന്നതിനും തൊഴിലാളികൾക്ക് പരിശീലനം നൽകിയിട്ടുണ്ടോ ? | ☐ | ☐ |
| 18. എമർജൻസി റെൻസ്പോൺസ് ടീം രൂപീകരിച്ചിട്ടുണ്ടോ? | ☐ | ☐ |
| 19. പോലീസ് നിരീക്ഷണം ഏർപ്പെടുത്തിയിട്ടുണ്ടോ ? | ☐ | ☐ |
| 20. എം.സി.എഫ്. / ആർ. ആർ. എഫ് ബീറ്റ് ചാർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? | ☐ | ☐ |